## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 36** **05-12-2022 - ൽ മറുപടിയ്ക്ക്**

## പി.എസ്.സി. - റൊട്ടേഷൻ സമ്പ്രദായം പരിഷ്കരിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. നിയമനങ്ങളിൽ നിലവിലുള്ള റൊട്ടേഷൻ സമ്പ്രദായ പ്രകാരം എത്ര ഒഴിവുണ്ടായാലും അതിനെ ഇരുപത് പേരടങ്ങുന്ന യൂണിറ്റായി എടുത്ത് സെലക്ഷൻ നടത്തുക എന്ന ചട്ടം 14(എ) ആണോ പിന്തുടരുന്നത്; വ്യക്തമാക്കുമോ; | (എ) | അതെ |
| (ബി) | എങ്കിൽ മെറിറ്റിൽ പ്രവേശനം കിട്ടേണ്ട എസ്.സി., എസ്.ടി., ഒ.ബി.സി., വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികളിൽ പലർക്കും സംവരണത്തിൽ പോകേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II 14(b)-യിൽ സംവരണ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മെറിറ്റിൽ നിയമനം ലഭിക്കാൻ അർഹതയുണ്ടെങ്കിൽ അതിനായി പരിഗണിക്കണമെന്നും ഇപ്രകാരം മെറിറ്റിൽ നൽകുന്ന നിയമനം സംവരണ പ്രകാരമുള്ള നിയമനങ്ങളുടെ എണ്ണത്തെ ബാധിക്കാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 14(c ) യുടെ പ്രൊവിസോ പ്രകാരം 20 ന്റെ ഓരോ യൂണിറ്റിലും O C ടേണുകൾ നികത്തിയ ശേഷമാണ് സംവരണ ടേണുകൾ നികത്തി വരുന്നത്. ആകയാൽ 14 (a),14(b),14(c ) എന്നീ ചട്ടങ്ങൾ പ്രകാരം 20 ഒഴിവുകളുടെ യൂണിറ്റുകളായി പരിഗണിച്ച് നിയമനം നടത്തുമ്പോൾ O C ടേണുകളിൽ ആദ്യ റാങ്കുകാരെ മറ്റൊരു പരിഗണനയും കൂടാതെ ഉൾപ്പെടുത്തുകയും ( സംവരണ ആനുകൂല്യമുള്ളവരെ ഉൾപ്പെടെ O C ഊഴങ്ങളിൽ പരിഗണിക്കുന്നു.)O C ടേൺ നികത്തിയ ശേഷം സംവരണ ടേണുകൾ (TPO- Temporarily Passed Over Turns ഉൾപ്പെടെ) നികത്തുകയുമാണ് തുടർന്നു വരുന്ന രീതി. അപ്രകാരം ഓപ്പൺ കോംപറ്റിഷനിൽ (മെറിറ്റിൽ) തെരെഞ്ഞെടുക്കുമ്പോൾ സംവരണ വിഭാഗക്കാർക്കുള്ള റിസർവേഷനിൽ കുറവു വരുന്നില്ല. |
| (സി) | കെ.എസ്. ആൻഡ് എസ്.എസ്.ആർ. ചട്ടം 14( ബി) പ്രകാരം എസ്.സി., എസ്.ടി., ഒ.ബി.സി. | (സി) | കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II 14(b)-യിൽ സംവരണ |

| | | | |
|---|---|---|---|
| | വിഭാഗക്കാർക്ക് മെറിറ്റ് നിയമനത്തിന് അർഹതയുണ്ട് എന്നതിനാൽ ചട്ടം 14 (എ) നടപ്പാക്കുമ്പോൾ ചട്ടം 14(ബി) ലംഘിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വസ്തുത കണക്കിലെടുത്ത് എസ്.സി., എസ്.ടി., ഒ.ബി.സി. വിഭാഗക്കാരുടെ മെറിറ്റ് അവകാശം സംരക്ഷിക്കുന്ന വിധം നിലവിലുള്ള റൊട്ടേഷൻ സമ്പ്രദായം പരിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കുമോ? | | വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മെറിറ്റിൽ നിയമനം ലഭിക്കാൻ അർഹതയുണ്ടെങ്കിൽ അതിനായി പരിഗണിക്കണമെന്നും ഇപ്രകാരം മെറിറ്റിൽ നൽകുന്ന നിയമനം സംവരണ പ്രകാരമുള്ള നിയമനങ്ങളുടെ എണ്ണത്തെ ബാധിക്കാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 14(c ) യുടെ പ്രൊവിസോ പ്രകാരം 20 ന്റെ ഓരോ യൂണിറ്റിലും O C ടേണുകൾ നികത്തിയ ശേഷമാണ് സംവരണ ടേണുകൾ നികത്തി വരുന്നത്. ആകയാൽ 14 (a),14(b),14(c ) എന്നീ ചട്ടങ്ങൾ പ്രകാരം 20 ഒഴിവുകളുടെ യൂണിറ്റുകളായി പരിഗണിച്ച് നിയമനം നടത്തുമ്പോൾ O C ടേണുകളിൽ ആദ്യ റാങ്കുകാരെ മറ്റൊരു പരിഗണനയും കൂടാതെ ഉൾപ്പെടുത്തുകയും ( സംവരണ ആനുകൂല്യമുള്ളവരെ ഉൾപ്പെടെ O C ഊഴങ്ങളിൽ പരിഗണിക്കുന്നു.)O C ടേൺ നികത്തിയ ശേഷം സംവരണ ടേണുകൾ (TPO- Temporarily Passed Over Turns ഉൾപ്പെടെ) നികത്തുകയുമാണ് തുടർന്നു വരുന്ന രീതി. അപ്രകാരം ഓപ്പൺ കോംപറ്റിഷനിൽ (മെറിറ്റിൽ) തെരെഞ്ഞെടുക്കുമ്പോൾ സംവരണ വിഭാഗക്കാർക്കുള്ള റിസർവേഷനിൽ കുറവു വരുന്നില്ല. |

സെക്ഷൻ ഓഫീസർ